പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2372 **27-10-2026-ൽ മറുപടിയ്ക്ക്**

ഗാർഹിക സോളാർ പ്ലാന്റുകളിൽ നിന്ന് ഉത്പാദിപ്പിക്കുന്ന അധിക വൈദ്യുതിയുടെ സാമ്പത്തിക കൈമാറ്റം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. കെ. നവാസ് ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ
വകുപ്പ് മന്ത്രി)

(എ) ഗാർഹിക സോളാർ പ്ലാന്റുകളിൽ നിന്ന് ഉത്പാദിപ്പിക്കുന്ന അധിക വൈദ്യുതിയുടെ തുക ഉപഭോക്താവിന് കൈമാറ്റം ചെയ്യുന്നതിന് വന്നിട്ടുള്ള കാലതാമസം സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുമോ;

മറുപടി: കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ വിജ്ഞാപനം ചെയ്ത Kerala State Electricity Regulatory Commission (Renewable Energy and Net metering) Regulations, 2020 ന്റെ കാലാവധി 31.03.2024 വരെയായിരുന്നു. തുടർന്ന് പ്രസ്തുത റെഗുലേഷന്റെ കാലാവധി 31.03.2025 വരെ കമ്മീഷൻ ദീർഘിപ്പിച്ചു. ഇതിനെ തുടർന്ന്, കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ, Kerala State Electricity Regulatory Commission (Renewable Energy and Related Matters) Regulations, 2025, 05.11.2025-ന് വിജ്ഞാപനം ചെയ്തു.

പ്രസ്തുത റെഗുലേഷനിൽ സോളാർ പ്ലാന്റുകളിൽനിന്ന് ബാങ്ക് ചെയ്ത വൈദ്യുതിക്ക് നൽകേണ്ട സെറ്റിൽമെന്റ് തുക നിർവചിച്ചിട്ടുണ്ട്. എന്നാൽ, പ്രസ്തുത റെഗുലേഷൻ നിലവിൽ ബഹു: കേരള ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുന്നതിനാൽ, 2025-26 സാമ്പത്തിക വർഷത്തിൽ ബാങ്ക് ചെയ്ത വൈദ്യുതിക്കുള്ള സെറ്റിൽമെന്റ് തുക ഇതുവരെ നൽകിയിട്ടില്ല.

(ബി) പുതിയ റെഗുലേഷൻ പ്രകാരമാണോ 'റെഗുലേഷൻ 2020' പ്രകാരമാണോ തുക കണക്കാക്കി നൽകേണ്ടത് എന്ന കാര്യത്തിൽ നിയമപരമായ വ്യക്തത വകുത്തിയിട്ടുണ്ടോ എന്ന് അറിയിക്കുമോ;

മറുപടി: 2025-26 കാലയളവിലെ ബാങ്ക് ചെയ്ത വൈദ്യുതിയുടെ സെറ്റിൽമെന്റുമായി ബന്ധപ്പെട്ട് വ്യക്തത നൽകണമെന്ന് കെഎസ്ഇബിഎൽ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനോട് അഭ്യർത്ഥിച്ചിരുന്നു. എന്നാൽ, പ്രസ്തുത വിഷയം നിലവിൽ ബഹു: കേരള ഹൈക്കോടതിയുടെ പരിഗണനയിലായതിനാൽ, ഈ വിഷയത്തിൽ വ്യക്തത നൽകുന്നത് ഉചിതമല്ലെന്ന് കമ്മീഷൻ അറിയിച്ചിട്ടുണ്ട്.

(സി) ഗാർഹിക സോളാർ ഉപഭോക്താക്കൾ ഉപയോഗത്തിന് ശേഷം ഗ്രിഡിലേക്ക് നൽകുന്ന അധിക വൈദ്യുതിക്ക് (എക്സസ് ബാങ്ക്ഡ് എനർജി) കെ.എസ്.ഇ.ബി. എത്ര രൂപയാണ് യൂണിറ്റിന് നൽകുന്നത്; ഈ തുക വർദ്ധിപ്പിക്കുന്നതിന് ആലോചിക്കുന്നുണ്ടോ?

<u>മറുപടി:</u> കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 05.11.2025-ൽ പുറപ്പെടുവിച്ച Kerala State Electricity Regulatory Commission (Renewable Energy and Related Matters) Regulations, 2025-ലെ റെഗുലേഷൻ 28.6 പ്രകാരം, നിലവിലുള്ള പ്രോസ്യൂമർമാർക്ക് ബാങ്ക് ചെയ്ത ഓരോ യൂണിറ്റിനും 3.08 രൂപയാണ് നൽകേണ്ടത്. എന്നാൽ, പ്രസ്തുത റെഗുലേഷൻ നിലവിൽ ബഹു: കേരള ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. ബാങ്ക് ചെയ്ത യൂണിറ്റിന് നൽകേണ്ട തുക വർധിപ്പിക്കുന്നതിനുള്ള അധികാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്.

സെക്ഷൻ ഓഫീസർ